# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

23/02/2020 മാർക്ക് - 50

10.30 a.m. - 12.30 p.m. **STD - VIII** സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1X5=5**

1. സകലജനപദങ്ങൾക്കും വേണ്ടിയുള്ള രക്ഷയുടെ അടയാളമാണ്.

   1. ദേവാലയം 2. തിരുസഭ 3. ഹയരാർക്കി

2. മാർപാപ്പയുടെ പരമാധികാരം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചത്.

   1. ജറുസലേം കൗൺസിൽ 2. രണ്ടാം വത്തിക്കാൻ കൗൺസിൽ
   3. ഒന്നാം വത്തിക്കാൻ കൗൺസിൽ

3. 1787 ഫെബ്രുവരി 1-ന് 84 പള്ളിക്കാർ അങ്കമാലിയിൽ സമ്മേളിച്ച് എഴുതിയുണ്ടാക്കിയ സുപ്രധാന രേഖയാണ്.

   1. വർത്തമാനപ്പുസ്തകം 2. അങ്കമാലി പടിയോല 3. സൂനഹദോസ് ചരിത്രം

4. "പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലുമായിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു".

   1. വി. യോഹന്നാൻ 16:21 2. വി. യോഹന്നാൻ 17:21 3. വി. യോഹന്നാൻ 18:21

5. എറണാകുളം വികാരിയാത്തിന്റെ പ്രഥമ വികാരി അപ്പസ്തോലിക്ക ആരായിരുന്നു?

   1. മാർ അഗസ്റ്റിൻ കണ്ടത്തിൽ 2. മാർ ജോസഫ് പാറേക്കാട്ടിൽ
   3. മാർ ലൂയിസ് പഴേപറമ്പിൽ

**B. പൂരിപ്പിക്കുക** **1X5=5**

6. വിശ്വാസിയായ ഏതൊരു മനുഷ്യന്റെയും ജീവിത ലക്ഷ്യമാണ് --------.
7. -------- ദൈവത്താൽ അയയ്ക്കപ്പെട്ട ആദ്യ പ്രേഷിതനാണ്.
8. സർവ്വ ജനപദങ്ങൾക്കും വേണ്ടിയുള്ള സദ്വാർത്തയായും ലോകം മുഴുവന്റെയും -------- ഈശോ പിറന്നത്.
9. എറണാകുളം-അങ്കമാലി അതിരൂപത ആസ്ഥാനമായുള്ള നമ്മുടെ സഭയുടെ ആദ്യത്തെ മേജർ അർച്ച് ബിഷപ്പ് -------- ആണ്.
10. ഇതാണ് ശിക്ഷാവിധി: പ്രകാശം ലോകത്തിലേയ്ക്കു വന്നിട്ടും മനുഷ്യർ -------- അധികമായി അന്ധകാരത്തെ സ്നേഹിച്ചു.

**C. മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക** **2X6=12**

11. കൂദാശകളിലൂടെ വിശുദ്ധീകരണം സാധിക്കുന്നതെങ്ങനെ?
12. പുരാതനമായ 6 ആരാധനക്രമ പാരമ്പര്യങ്ങൾ പിൻതുടരുന്ന സഭകൾ ഏവ?
13. മരണം നിത്യതയുടെ കവാടമാകുന്നതെങ്ങനെ?
14. വി. ഫ്രാൻസിസ് സേവ്യറിന്റെ പ്രേഷിത പ്രവർത്തനം എങ്ങനെയായിരുന്നു?
15. പരിശുദ്ധാരൂപിക്ക് എതിരായ പാപങ്ങളിൽ ഏതെങ്കിലും 4 എണ്ണം എഴുതുക.
16. ഫാദർ ഡാമിയൻ തന്റെ അവിസ്മരണീയമായ കുമ്പസാരം നടത്തിയത് എങ്ങനെ?

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക** **4X2=8**

17. ശ്ലീഹന്മാരുടെ ദൗത്യങ്ങളും പ്രബോധനങ്ങളും വിവരിക്കുക.
18. സഭ സാർവത്രികമാണ്. ചുരുക്കി എഴുതുക.
19. പരിശുദ്ധ സഭ ദൈവവചനത്തിലൂടെ വിശുദ്ധീകരിക്കപ്പെടുന്നു. വ്യക്തമാക്കുക.

**E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

20. ഇടവക തിരുനാളുകളുടെ ലക്ഷ്യങ്ങൾ എന്തെല്ലാം? നമ്മുടെ ഇടവക ദേവാലയങ്ങളിലെ തിരുനാളുകൾ ലളിതവും സജീവവുമാക്കി ആഘോഷിക്കുവാൻ സാധിക്കുന്നതെങ്ങനെയെല്ലാം?

| | |
|---|---|
| 21. ഇന്റേണൽ അസ്സെസ്സ്മെന്റ്: കാണുക *വചനദീപം*, p.34–35 | 15 |

# രണ്ടാം സെമസ്റ്റർ പരീക്ഷ
# ഉത്തരങ്ങൾ
# STD - VIII

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1X5=5**

1. തിരുസഭ L. 14 page 87 last para
2. ഒന്നാം വത്തിക്കാൻ കൗൺസിൽ L. 13 page 83 1st para
3. അങ്കമാലി പടിയോല L. 12 page 78 2nd para
4. വി. യോഹന്നാൻ 17:21 L. 11 page 71
5. മാർ ലൂയിസ് പഴേപറമ്പിൽ സത്യദീപം 2019 ഡിസംബർ 11

**B. പൂരിപ്പിക്കുക** **1X5=5**

6. സ്വർഗ്ഗം L. 10 page 65 last para
7. ഈശോ L. 9 page 55 last para
8. രക്ഷകനായിട്ടാണ് L. 14 page 86 1st para
9. മാർ ആന്റണി പടിയറ L. 13 page 82 1st para
10. പ്രകാശത്തേക്കാൾ St Jn 3:19 Bible

**C. മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക** **2X6=12**

11. L. 12 page 75 last para
12. L. 11 page 70 last para
13. L. 10 page 63 2nd & 3rd para
14. L. 9 page 58 2nd para
15. നമസ്കാരങ്ങൾ 28 page 16
16. ഉപപാഠം വി. ഡാമിയൻ page 33

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക** **4X2=8**

17. L. 13 page 80 -81
18. L. 14 page 85-87
19. L. 12 page 75 1st para

**E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

20. പൊതുചോദ്യം

# എറണാകുളം - അങ്കമാലി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

# രണ്ടാം സെമസ്റ്റർ പരീക്ഷ

24.02.2019 | മാർക്ക് - 50

10.30 am - 12.30 pm **STD - VIII** സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക 1x 5=5

1. "പാപമോചനത്തിനുള്ള അനുതാപം അവന്റെ നാമത്തിൽ ജറുസലെമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു."

   1. വി. മത്തായി 24:47. 2. വി. ലൂക്ക 24:47. 3. വി. മർക്കോസ് 16:24.

2. 'അവർ തങ്ങൾക്കു ലഭിച്ച പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വിശ്വാസത്തിന്റെ ആധികാരിക പ്രബോധകരും പ്രധാനാചാര്യന്മാരും, അജപാലകരുമാണ്'.

   1. ഇടവകവികാരിമാർ 2. മെത്രാന്മാർ 3. ശ്ലീഹന്മാർ

3. ദേവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ സ്വർഗീയ ദർശനമുണ്ടായ പ്രവാചകൻ?

   1. ഏശയ്യാ 2. ജെറമിയ 3. ഹോസിയ

4. അടിസ്ഥാനപരമായി സഭയെ കൂട്ടായ്മയാക്കുന്നത്?

   1. സ്നേഹം 2. വിശ്വാസം 3. പ്രത്യാശ

5. ദൈവം ലോകത്തെ സമയത്തിന്റെ ഉള്ളിൽ അല്ല, മറിച്ച് സമയത്തിനൊപ്പമാണ് സൃഷ്ടിച്ചത്. ഇത് ആരുടെ വാക്കുകൾ?

   1. വി. അഗസ്റ്റിൻ 2. വി. ക്ലമന്റ് 3. വി. അമ്മത്രേസ്യ

## B. പൂരിപ്പിക്കുക 1x 5=5

6. മിശിഹായിലൂടെ, യാഥാർത്ഥ്യമാകാനിരുന്ന ദൈവരാജ്യത്തിന്റെ പ്രതിരൂപ മാണ് ——————.

7. —————— തന്റെ തിരുസുതനെ ലോകത്തിലേക്കയച്ചത് അവൻ വഴി ലോകം രക്ഷ പ്രാപിക്കാനാണ്.

8. മറ്റുള്ളവർ നിങ്ങൾക്കു ചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ. ഇതാണ് —————— ——————.

9. സ്നേഹത്തിന്റെ പാത സേവനവും സ്നേഹത്തിന്റെ ഫലം ———— ആണ്.

10. ഹൃദയവിശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ——————.

## C. മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരം എഴുതുക 2x 6=12

11. സഭയുടെ സുവിശേഷ ദൗത്യം പ്രചരിപ്പിക്കാനുള്ള മൂന്നു മാർഗങ്ങൾ ഏവ?

12. തനതു വിധിയെന്നാൽ എന്ത്?

13. മുന്തിരിച്ചെടിയോട് ശാഖകൾ ചേർന്നിരിക്കുന്നതുപോലെ ഈശോയിൽ വിശ്വസിക്കുന്നവരെല്ലാം അവിടത്തോടു ചേർന്നിരിക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന തിരുവചന ഭാഗമേത്?

14. 'വർത്തമാന പുസ്തകം' ആര്, എന്തിനെക്കുറിച്ച് എഴുതിയ പുസ്തകമാണ്?

15. നല്ല കുമ്പസാരത്തിന് വേണ്ട കാര്യങ്ങൾ എത്ര? ഏതെല്ലാം?

16. കാരുണ്യത്തിന്റെ കടലായിരുന്ന ദയാമയനായ വി. ഡാമിയന്റെ കഥ നമ്മെ ഓർമ്മിപ്പിക്കുന്നതെന്ത്?

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക

**4x 2=8**

17. വിശുദ്ധീകരണം ദൈവവചനത്തിലൂടെ എങ്ങനെ സാധിക്കും?

18. മാർപ്പാപ്പയുടെ പരമാധികാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

19. എല്ലാ സംസ്കാരങ്ങളേയും ഉൾക്കൊള്ളുന്ന സഭയെക്കുറിച്ച് വിശദമാക്കുക.

## E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക **5x 1=5**

20. കേരളത്തിലെ വിശുദ്ധരേയും അവരുടെ സുകൃതങ്ങളേയും, അവർ സമൂഹത്തിന് നൽകിയ സംഭാവനകളെയും കുറിച്ച് വിശദീകരിക്കുക.

| | |
|---|---|
| 21. ഇന്റേണൽ അസ്സെസ്സ്മെന്റ് : കാണുക വചനദീപം 32-33 | 15 |

## ഉത്തരസൂചിക - ക്ലാസ്സ് 8

A . 1. വി. ലൂക്ക 24: 47 ( lesson 14, page 87 )

2. മെത്രാന്മാർ ( lesson 13, page 81, para last)

3. ഏശയ്യാ (lesson 12, page 73, para 1)

4. വിശ്വാസം (lesson 11, page 69, para 3)

5. വി. അഗസ്റ്റിൻ (സത്യദീപം 2019 ജനുവരി 9)

B. 6. കാനാൻ ദേശം ( lesson 10, page 61, para last)

7. ദൈവം ( lesson 9, page 55, para last)

8. നിയമവും പ്രവാചകന്മാരും (വി. മത്തായി 7:12 ,ബൈബിൾ)

9. സമാധാനം (വിശുദ്ധരെ അറിയാൻ, page 46, വി. മദർ തെരേസ)

10. ദൈവത്തെ കാണും (നമസ്ക്കാരങ്ങൾ no.20, page 14)

C . 11. lesson 9, page 56, para 2

12. lesson 10, page 63, para 3

13. lesson 11, page 68, para 1

14. lesson 11, page 72, (മാതൃസഭയെ അറിയാൻ)

15. നമസ്ക്കാരങ്ങൾ no.12, page 11

16. വിശുദ്ധരെ അറിയാൻ, page 35 ( വി. ഡാമിയൻ)

D. 17. lesson 12, page 75, para 1,2

18. lesson 13, page 82 -83

19. lesson 14, page 86, para 2,3

E. 20. പൊതുചോദ്യം

# എറണാകുളം - അങ്കമാലി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

## രണ്ടാം സെമസ്റ്റർ പരീക്ഷ

**25.02.2018** **മാർക്ക് - 50**

**10.30 am - 12.30 pm** **STD - VIII** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1x 5=5**

1. "കൊയ്നോനിയ" എന്ന വാക്കിന്റെ അർത്ഥം?

   1. പ്രാർത്ഥന 2. കൂട്ടായ്മ 3. അപ്പം മുറിക്കൽ

2. മിശിഹായുടെ യാഥാർത്ഥ്യമാകാനിരുന്ന ദൈവരാജ്യത്തിന്റെ പ്രതിരൂപമാണ്?

   1. സ്വർഗ്ഗരാജ്യം 2. കാനാൻദേശം 3. ഈജിപ്ത്

3. "ആചാരങ്ങളിലെ വൈവിധ്യം വിശ്വാസത്തിൽ ഉറപ്പിക്കുന്നു" എന്നു പറഞ്ഞ വിശുദ്ധൻ?

   1. വി. ജോൺ ഡമീഷൻ 2. വി. ഇരണേവൂസ് 3. വി. അഗസ്തീനോസ്

4. അന്ത്യവിധിയെക്കുറിച്ച് സമ്പന്നവും വിശദീകരണത്തോട് കൂടിയതുമായ വിവരണങ്ങൾ നൽകുന്നത് ആര്?

   1. വി. പൗലോസ് 2. വി. മത്തായി 3. വി. ലൂക്ക

5. "ദൈവാനുഗ്രഹങ്ങൾ ലഭിക്കുന്നത് ഉറങ്ങുന്നവർക്കല്ല, ജാഗരിച്ച് അധ്വാനിക്കുന്നവർക്കത്രെ".

   1. വി അഗസ്തീനോസ് 2. വി. അംബ്രോസ് 3. വി. പത്താം പീയൂസ്

**B. പൂരിപ്പിക്കുക** **1x 5=5**

6. സീറോ - മലബാർ സഭയുടെ ആരാധനക്രമമാണ് ————.
7. സകലജനപദങ്ങൾക്കും വേണ്ടിയുള്ള രക്ഷയുടെ അടയാളമാണ് ———— .
8. മരണത്തെ ജയിച്ചടക്കിയ ———— ലൂടെ നമുക്ക് ശാശ്വത ജീവൻ കൈവന്നു.
9. മാർതോമാശ്ലീഹായിലൂടെ കൈവന്ന വിശ്വാസാനുഭവമാണ് നമ്മുടെ സഭയുടെ ————.
10. "അവിടുത്തെ ആരാധിക്കുന്നവർ ———— ലും ———— ലും ആണ് ആരാധിക്കേണ്ടത്." (യോഹ. 4:24)

**C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക** **2x 6=12**

11. സാർവ്വത്രിക സൂനഹദോസുകളുടെ ഉദ്ദേശ്യം എന്ത്?
12. ദൈവവിളിയിലൂടെ വിശുദ്ധി സാധ്യമാകുന്നത് എങ്ങനെ?

13. മാർപ്പാപ്പയുടെ പരമാധികാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

14. ഈശോ സ്വർഗ്ഗത്തെയും, നരകത്തെയും ക്കുറിച്ച് പറഞ്ഞിരിക്കുന്ന രണ്ട് ബൈബിൾ ഭാഗങ്ങൾ?

15. മദർതെരേസയുടെ ജീവിതത്തിലെ 'ദൈവവിളിക്കുള്ളിലെ ദൈവവിളി' എന്ന് വിശേഷിപ്പിക്കപ്പെടുന്ന സംഭവമേത്?

16. ദൈവകല്പനകളിൽ 7 മുതൽ 10 വരെയുള്ള കല്പനകൾ എഴുതുക?

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക

**4x 2=8**

17. സ്വർഗ്ഗം, നരകം, ശുദ്ധീകരണസ്ഥലം എന്നിവയെക്കുറിച്ച് വിശദമാക്കുക?

18. സഭയുടെ അടിസ്ഥാനം കൂട്ടായ്മയും, ഐക്യവുമാണ് വിശദമാക്കുക?

19. നോമ്പും, പ്രാർത്ഥനയും ഉപവാസവും വിശുദ്ധിയിൽ വളരാൻ നമ്മെ എങ്ങനെ സഹായിക്കുന്നു. ?

## E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക **5x 1=5**

20. നാംഏവരുംവളർച്ചയുടെപാതയിലാണ്.ഈകാലഘട്ടത്തിൽ ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ പരസ്പരം സ്നേഹിക്കാനും, ബഹുമാനിക്കാനും ആരോഗ്യകരമായ സുഹൃദ്ബന്ധങ്ങൾ വളർത്തിയെടുക്കാനുമായി എന്തെല്ലാം ചെയ്യാൻ സാധിക്കും?

| | |
|---|---|
| 21. ഇന്റേണൽ അസ്സെസ്സ്മെന്റ് : വചനദീപം പേജ് 27-28 | 15 |

# എട്ടാം ക്ലാസ്സ് - ഉത്തരങ്ങൾ
# രണ്ടാം സെമസ്റ്റർ പരീക്ഷ - ഫെബ്രുവരി 25

A. ഏറ്റവും ശരിയായ ഉത്തരം
1. കൂട്ടായ്മ 11/69
2. കാനാൻദേശം 10/61
3. വി. ഇരണെവൂസ് 14/86
4. വി. മത്തായി 10/63
5. വി. അംബ്രോസ് – സത്യദീപം 2017 നവംബർ 30

B. പൂരിപ്പിക്കുക
6. പൗരസ്ത്യ സുറിയാനി ആരാധന ക്രമം 11/71
7. സഭ 14/87
8. മിശിഹായിലൂടെ 10/63
9. ശ്ലൈഹീക അടിസ്ഥാനം 13/81
10. ആത്മാവിലും സത്യത്തിലും - യോഹന്നാൻ 4:24

C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക
11. സഭയുടെ വിശ്വാസരഹസ്യങ്ങളെ വിശ്വാസികൾക്ക് ശരിയായ രീതിയിൽ വ്യഖ്യാനിച്ചു കൊടുക്കുന്നതിനും സഭാനവീകരണം സാധിക്കുന്നതിനും അതാതു കാലങ്ങളിൽ സഭയിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമാണ് സൂനഹദോസുകളുടെ ഉദ്ദേശ്യം. 14/87
12. ഓരോരുത്തരും സ്വന്തം ജീവിതാവസ്ഥതയുടെ കടമകൾ വിശ്വസ്തതയോടെ നിർവഹിച്ചുകൊണ്ടു സ്നേഹത്തിൻറെ പൂർണത നേടുമ്പോഴാണ് വിശുദ്ധി പ്രാപിക്കുന്നത്. ദൈവം നൽകുന്ന വിളിയോടും ജോലികളോടും സ്നേഹപൂർവ്വം സഹകരിക്കാനും ക്രിയാത്മകമായി പ്രതികരിക്കാനും കഴിയുമ്പോൾ അവ നമുക്കു വിശുദ്ധിക്കുള്ള മാർഗമായിത്തീരുന്നു. ദൈവവചനം, കൂദാശകൾ, കൂദാശാനുകരണങ്ങൾ, പ്രാർത്ഥന, ഉപവാസം എന്നിവയാൽ പരിപോഷിതരായി അവരവരുടെ ദൈവവിളിക്കനുസരിച്ചു വളരുമ്പോൾ ദൈവമക്കൾക്കനുയോജ്യമായ ജീവിത വിശുദ്ധി പാലിക്കുവാൻ നമക്ക് സാധിക്കും. 12/77
13. സഭയുടെമേൽ പത്രോസിനു പരമാധികാരം നൽകുന്നതായി സുവിശേങ്ങളിൽ കാണുന്നു. മാർപ്പാപ്പ വിശുദ്ധ പത്രോസിൻറെ പിൻഗാമിയാണ്. സാർവത്രിക സഭയെ മുഴുവനും നയിക്കാനും വിശുദ്ധീകരിക്കാനും പഠിപ്പിക്കാനുമുള്ള അധികാരം മാർപ്പാപ്പക്കുണ്ട്. മാർപ്പാപ്പയുടെ പരമാധികാരം ഒരു വിശ്വസ സത്യമാണ്. 13/82-83
14. ദൈവത്തിൽ നിന്നും അകന്നിരിക്കുന്നു. അവസ്ഥയാണ് നരകം. നിത്യമായ ശിക്ഷക്കാണ് „നരകം“ എന്ന പദം ഉപയോഗിക്കുന്നത്. ആത്മാവിനെയും ശരിയറാതെയും നരകത്തിനു ഇരയാക്കാൻ കഴിയുന്നവനെ ഭയപ്പെടുവിൻ എന്ന് ഈശോ പറയുന്നു (മത്തായി 5:22, 29; 10:28). വിശ്വാസിയായ ഏതൊരു മനുഷ്യൻറെയും ജീവിതലക്ഷ്യമാണ് സ്വർഗം. ദൈവഭവനത്തിൽ ദൈവത്തോടുകൂടിയുള്ള സഹവാസമാണ് സ്വർഗം സ്വർഗത്തിൽ നിന്നിറങ്ങി വന്ന മനുഷ്യപുത്രനല്ലാതെ മറ്റാരും ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ല (യോഹന്നാൻ 3:13); എന്നിലൂടെയല്ലാതെ ആരും പിതാവിൻറെ പക്കലേക്കു വരുന്നില്ല (യോഹന്നാൻ 14:6) 10/64-65

15. 1946 സെപ്റ്റംബർ മാസത്തിൽ സിസ്റ്റർ തെരേസ വാർഷിക ധ്യാനത്തിന് പുറപ്പെട്ടു. കൽക്കത്തെയിൽ നിന്ന് ഡാർജിലിംഗിലേക്കുള്ള തീവണ്ടി യാത്രയിൽ തെരേസ തനിച്ചായിരുന്നു. ജപമാല ചൊല്ലിയതിനുശേഷം ബൈബിൾ തുറന്നു. മത്തായിയുടെ സുവിശേഷം 25 അദ്ധ്യായം 31 മുതലുള്ള വാക്യങ്ങളാണ് വായിച്ചത്. അന്ത്യവിധിയുടെ വിവരണമാണ് അതിലുള്ളത്. തെരേസ വായിച്ചു നിർത്തി: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എൻറെ ഏറ്റവും എളിയ ഈ സഹോദരങ്ങളിൽ ഒരുവന് നിങ്ങളിത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത് . ഈ വാക്യങ്ങൾ തെരേസയുടെ ഉള്ളിൽ പുതിയൊരു വെളിച്ചം പകർന്നു. പാവങ്ങളിൽ ഏറ്റവും പാവപ്പെട്ടവരെ ശുശ്രൂഷിച്ചുകൊണ്ടു യേശുവിനെ സേവിക്കുക എന്നൊരു കൽപന ഉള്ളി ൻറെ യുള്ളിൽ മുഴങ്ങിക്കേട്ടു. ഇതാണ് ദൈവവിളിക്കുള്ളിലെ ദൈവവിളി . ഉപപാഠം 39
16. നമസ്കാരങ്ങൾ NO. 9

D. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക - **പ്രധാന ആശയങ്ങൾ കൊടുക്കുന്നു. താഴെ കൊടുത്തിരിക്കുന്ന ആശയങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുക. അതെ വാക്കുകൾ വേണമെന്നില്ല**

17. വിശ്വാസിയായ ഏതൊരു മനുഷ്യൻറെയും ജീവിതലക്ഷ്യമാണ് സ്വർഗം. സ്വർഗ്ഗത്തെക്കുറിച്ചുള്ള പ്രത്യാശയാണ് ജീവിതത്തിലെ ദുഃഖങ്ങൾക്കും സഹനങ്ങൾക്കും പൂർണ്ണമായ അർത്ഥം പകരുന്നത്. ദൈവഭവനത്തിൽ ദൈവത്തോടുകൂടിയുള്ള സഹവാസമാണ് സ്വർഗം. സ്നേഹത്തിൽ ജീവിക്കുന്ന ഏതൊരുവനും സ്വർഗ്ഗത്തിൻറെ മുന്നാസ്വാദനം ലഭിക്കുന്നു. സ്വർഗസൗഭാഗ്യത്തിൽ എത്തിച്ചേരാനുള്ള വഴി ഈശോയാണ്.
മാരകമായ പാപത്തിൽ ഉറച്ചു നിൽക്കുകയും ഐഹിക ജീവിത്തിൻറെ അന്തിമനിമിഷത്തിലും ദൈവത്തെ തിരസ്കരിക്കുകയും ചെയ്യുന്നവർ എന്നേക്കുമായി പുറന്തള്ളപ്പെടും. കഠിനമായ പാപാവസ്ഥയിൽ മരിക്കുന്നവർ നിത്യശിക്ഷ അനുഭവിക്കേണ്ടിവരും. ദൈവത്തിൽ നിന്നും അകന്നിരിക്കുന്നു അവസ്ഥയാണ് നരകം. നിത്യമായ ശിക്ഷക്കാണ് „നരകം" എന്ന പദം ഉപയോഗിക്കുന്നത്.
അന്തിമനിമിഷത്തിലാണെങ്കിലും മാനസാന്തരപ്പെടുകയും എന്നാൽ ദൈവസ്നേഹത്തിൻറെ പൂർണ്ണതയിൽ എത്താതെ മരിക്കുകയും ചെയ്തവർക്ക് ശുദ്ധീകരണത്തിലൂടെ പൂർണത പ്രാപിക്കാനായി ദൈവം ഒരവസരം നൽകുന്നു. ഇതിനെയാണ് ശുദ്ധീകരണ സ്ഥലം എന്ന് വിളിക്കുന്നത്. പൂർണമായ രക്ഷയുടെയും സ്നേഹത്തിൻറെയും പ്രത്യാശയിലാണ് ശുദ്ധീകരണാത്മാക്കൾ കഴിയുന്നത്. ഇത് ഒരു സ്ഥലം എന്നതിനേക്കാൾ പൂർണതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഒരവസ്ഥയാണ് . പ്രാർത്ഥന, പ്രത്യേകിച്ച് വിശുദ്ധ കുർബാന, ദാനധർമങ്ങൾ, പരിഹാര പ്രവർത്തികൾ എന്നിവ വഴി വിശ്വസികൾക്കു അവരെ സഹായിക്കാൻ സാധിക്കും. 10/64-66
18. ശ്ലീഹന്മാരുടെ സുവിശേഷ പ്രഘോഷണം വഴി മിശിഹായിൽ വിശ്വസിച്ചവരുടെ വലിയ സവിശേഷത കൂട്ടായ്മയായിരുന്നു. അടിസ്ഥാനപരമായി സഭയെ ഒരു കൂട്ടായ്മയാക്കുന്നതു വിശ്വാസമാണ് പിതാവ് നമ്മുടെ രക്ഷയ്ക്കായി ലോകത്തിലേക്കയച്ച പുത്രൻ തന്നിൽ യാഥർഥ്യമാക്കിയതും പരിശുദ്ധാത്മാവിലൂടെ പൂർത്തീകരിച്ചതുമായ രക്ഷയിലുള്ള വിശ്വാസമാണ്. സഭാമക്കളെല്ലാവരും ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായും വഴി ഒരേ ആത്മാവിൽ

ഐക്യപ്പെട്ടിരിക്കുന്നു. മാമ്മോദീസയിലൂടെ ഏക ശരീരമായിത്തീർന്ന നമ്മെ പരിപോഷിപ്പിക്കുന്നത് വിശുദ്ധ കുർബാനയും കൂദാശകളുമാണ്. പൗലോസ് ശ്ലീഹ പറയുന്നതുപോലെ ഒരേ ആത്മീയ പാനീയം കുടിക്കുകയും ഒരേ ആത്മീയ ഭക്ഷണം കഴിക്കുകയും ചെയ്ത് ഒരേ ജീവനിൽ പങ്കാളികളായിത്തീർന്നവരുടെ കൂട്ടായ്മയാണ് സഭ. ഇങ്ങനെ ഒരേ മാമ്മോദീസായും ഒരേ അപ്പവും സഭാമക്കളുടെ ഐക്യത്തിന് കാരണമായിത്തീരുന്നു. 11/69-70

19. പ്രാർത്ഥനയിൽ നാം ദൈവത്തെ കണ്ടുമുട്ടുന്നു. ദൈവഹിതം മനസിലാക്കുന്നു നമ്മുടെ ബലഹീനതകളും പരിമിതികളും ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞു ശക്തിനേടുവാനും പ്രാർത്ഥന സഹായിക്കുന്നു. ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നെങ്കിൽ തെറ്റിൽ വീഴാതിരിക്കാനും അഥവാ വീണുപോയാൽ അനുതപിച്ചു നന്മയിലേക്ക് തിരിയാനും സാധിക്കും
    നോമ്പും ഉപവാസവും വഴി നാം നമ്മുടെയും മറ്റുള്ളവരുടെയും തെറ്റുകൾക്ക് പരിഹാരമനുഷ്ഠിക്കുന്നു പാപസാഹചര്യങ്ങളിൽ നിന്നും ഒഴിഞ്ഞു മാറാനുള്ള ആത്മശക്തിയും ഉപവാസം വഴി ലഭിക്കുന്നു. 12/76-77

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

26 - 02 - 2017 | മാർക്ക് – 50
10.30 am - 12.30 pm | **STD - VIII** | സമയം – 2 മണിക്കൂർ

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **1x 5=5**

1. ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണം വഴി മിശിഹായിൽ വിശ്വസിച്ചിരുന്നവരുടെ വലിയ സവിശേഷത?
2. മാതാവിന്റെ ശുദ്ധീകരണ തിരുനാൾ ദിനം?
3 കർത്താവേ, എങ്കിൽ എന്റെ പാദങ്ങൾ മാത്രമല്ല, കരങ്ങളും ശിരസ്സും കൂടി കഴുകണമേ! ഇത് പറഞ്ഞതാര്?
4. വിശുദ്ധ ഡാമിയന്റെ തിരുനാൾ ദിനം?
5. അടുത്ത ആഗോളയുവജന ദിനങ്ങളുടെ പ്രമേയം?

**ബ്രാക്കറ്റിൽനിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **1x 5=5**

6. മിശിഹായിലൂടെ യാഥാർത്ഥ്യമാകാനിരുന്ന ദൈവരാജ്യത്തിന്റെ പ്രതിരൂപമാണ്?
(ഇസ്രായേൽ ജനം, സഭ, കാനാൻ ദേശം)
7. യേശുവിന്റെ കാൽക്കൽ വീണ്, തന്റെ വീട്ടിലേക്ക് ചെല്ലണമെന്ന് അപേക്ഷിച്ചതാര്?
(ജായ്റോസ്, പിശാചുബാധിതൻ, രക്തസ്രാവക്കാരി)
8. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം?
(യോഹ 13.6, ലൂക്ക 8.10, യോഹ 13.14)
9. മാരകമായ രോഗങ്ങളിൽ നിന്നും സുഖം പ്രാപിക്കുന്നവർക്ക് ജീവിക്കുന്നതിനായി വി. മദർതെരേസ ആരംഭിച്ച സ്ഥാപനം? (നിർമ്മൽ ശിശുഭവൻ, പ്രേംദാൻ, സ്നേഹസമ്മാനം)
10. K.C.B.C യുടെ ഇപ്പോഴത്തെ പ്രസിഡന്റ്? (ആർച്ചു ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്, ആർച്ചു ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ചുബിഷപ്പ് മാർ സൂസപാക്യം)

**ദൈവവചനം എഴുതുക:** **1¼ x 2=2½**

11. യോഹ. 10:16. ‘‘ഈ തൊഴുത്തിൽ....
12. ലൂക്കാ 24:47. ‘‘പാപമോചനത്തിനുള്ള....

**ഉത്തരമെഴുതുക. (ഏതെങ്കിലും രണ്ടെണ്ണം)** **2½ x 2=5**

13. തനതുവിധിയും അന്ത്യവിധിയും വിശദമാക്കുക.
14. താഴെ തന്നിരിക്കുന്ന പ്രസ്ഥാവനകൾ തെറ്റോ ശരിയോ എന്നെഴുതി, തെറ്റുണ്ടെങ്കിൽ തിരുത്തുക.
    a. ‘‘നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാ പ്രവൃത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ’’ എന്ന് വി. പത്രോസ് ശ്ലീഹാ നമ്മെ ആഹ്വാനം ചെയ്യുന്നു. (1 പത്രോ. 1:15)
    b. പാപത്താൽ പിശാചിന്റെ ദാസ്യത്തിൽ ആയിരുന്ന നമ്മെ ശുദ്ധീകൃതരും ദൈവത്തിന്റെ മക്കളും ആക്കിത്തീർത്തത് കത്തോലിക്കാ സഭയാണ്.
    c. ദൈവത്തിന്റെ കൃപാവരം സ്വീകരിക്കാനും അവയോടു സഹകരിച്ച് വിശുദ്ധിയിൽ വളരാനും കൂദാശകൾ സഹായിക്കുന്നു.
    d. 1987 ജനുവരി 1 ന് 84 പള്ളിക്കാർ അങ്കമാലിയിൽ സമ്മേളിച്ച് സുപ്രധാനമായ ഒരു രേഖ എഴുതിയുണ്ടാക്കി, അതാണ് അങ്കമാലി പടിയോല.
    e. തന്റെ അയോഗ്യതയെ ഓർത്ത് ദൈവസന്നിധിയിൽ വിലപിച്ച ജെറമിയ പ്രവാചകനെ ബലിപീഠത്തിൽ നിന്നെടുത്ത തീക്കട്ടയാൽ ദൈവം വിശുദ്ധീകരിച്ചതുപോലെ പരിശുദ്ധ കുർബാനയാകുന്ന തീക്കട്ട നമ്മേയും പവിത്രീകരിക്കുന്നുവെന്നു സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു.

15. ഇസ്രായേലിനെ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ച് കാനാൻദേശത്തേക്ക് ആനയിക്കാൻ ദൈവം തെരഞ്ഞെടുത്തവരും അവരുടെ ദൗത്യങ്ങളും പട്ടികപ്പെടുത്തുക.

| തെരഞ്ഞെടുക്കപ്പെട്ടവർ | ദൗത്യങ്ങൾ |
|---|---|
| a. പ്രവാചകന്മാർ | |
| b. ........................... | |
| c. ........................... | |

**ഉത്തരമെഴുതുക: (ഏതെങ്കിലും ഒരെണ്ണം)** **2½ x 1=2½**

16. 2016 സെപ്തംബർ 4ന് വിശുദ്ധ പദവിയിലേക്കുയർത്തപ്പെട്ട വി. മദർ തെരേസയുടെ ജീവിതരേഖ പൂർത്തിയാക്കുക.

| ചിത്രം | ജനനം | പ്രഥമ വ്രതവാഗ്ദാനം | നോബൽ സമ്മാനം | തിരുനാൾ ദിനം | സന്ദേശം |
|---|---|---|---|---|---|
| വി.മദർ തെരേസ  | | | | | |

17. മോളോക്കോയിലെ വിശുദ്ധ ഡാമിയന്റെ ജീവിതം മൂലം കുഷ്ഠരോഗികളോടുള്ള സമീപനത്തിൽ ലോകത്തിൽ ഏതെല്ലാം തരത്തിൽ മാറ്റങ്ങൾ ഉണ്ടായി? വിശുദ്ധ ഡാമിയൻ തന്റെ മരണത്തിനായി എങ്ങനെയാണ് ഒരുങ്ങിയത്?

**നമസ്കാരങ്ങൾ**

18. ദൈവത്തിന്റെ ലക്ഷണങ്ങൾ എഴുതുക **3**

19. പരിശുദ്ധ ദൈവമാതാവിനോടുള്ള ജപമാലയിലെ പ്രകാശത്തിന്റെ 1ഉം 2ഉം രഹസ്യങ്ങൾ എഴുതുക. **2**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

20. 'സഭ സാർവത്രികമാണ്' എന്ന പാഠത്തെ ആസ്പദമാക്കി, സകല ജനപദങ്ങൾക്കും വേണ്ടിയുള്ള രക്ഷയുടെ അടയാളമാണ് സഭയെന്ന് വിവരിക്കുക.

21. മറിയം സഭയുടെ മാതാവും മാതൃകയുമാണ് വിവരിക്കുക.

**പൊതുചോദ്യം - രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക** **5**

22. കുടുംബജീവിതത്തിൽ മാതാപിതാക്കൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ ലഘൂകരിക്കാനായി മക്കൾക്ക് ഏതെല്ലാം വിധത്തിൽ അവരെ സഹായിക്കാനാകും. വിവരിക്കുക.

23. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം - അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

**26 - 02 - 2017** | **മാർക്ക് - 50**
**10.30 am - 12.30 pm** | **ഉത്തരസൂചിക** | **സമയം - 2 മണിക്കൂർ**

## STD - VIII

***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യം എഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക: 1x 5=5**

1. കൂട്ടായ്മ - 11/69
2. ഫെബ്രുവരി 2 - 15/93
3. ശിമയോൻ പത്രോസ് - യോഹ. 13/9
4. മേയ് 10 - വിശുദ്ധരെ അറിയാൻ... പേജ് 36
5. മരിയഭക്തി/പരിശുദ്ധ മാതാവ് - സത്യദീപം, 24-30 നവംബർ 2016

**ബ്രാക്കറ്റിൽനിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക. 1x5=5**

6. കാനാൻ ദേശം - 10/61
7. ജായ്റോസ് - ലൂക്കാ 8/41
8. യോഹ. 13:14
9. പ്രേംദാൻ - വിശുദ്ധരെ അറിയാൻ-പേജ് 43
10. ആർച്ചു ബിഷപ്പ് മാർ സൂസപാക്യം - സത്യദീപം 8-14 ഡിസംബർ/2016.

**ദൈവവചനം എഴുതുക 1¼ x 2=2½**

11. 11/69. ഈ തൊഴുത്തിൽപ്പെടാത്ത മറ്റ് ആടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം കേൾക്കും. അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും. (യോഹ. 10:16)
12. 14/87. പാപമോചനത്തിനുള്ള അനുതാപം അവന്റെ നാമത്തിൽ ജറുസലേമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു. (ലൂക്കാ 24: 47)

**ഉത്തരമെഴുതുക. (ഏതെങ്കിലും രണ്ടെണ്ണം) 2½ x 2=5**

13. 10/63
14. 12/74-78
    a) ശരി,
    b) തെറ്റ് - ഈശോയുടെ കുരിശിലെ ബലിയാണ്,
    c) തെറ്റ് - കൂദാശാനുകരണങ്ങൾ, d) തെറ്റ് - 1787, ഫെബ്രുവരി 1ന്, e) തെറ്റ് - ഏശയ്യാ
15. 13/80

**ഉത്തരമെഴുതുക. (ഏതെങ്കിലും രണ്ടെണ്ണം) 2½ x 1=2½**

16. വിശുദ്ധരെ അറിയാൻ... പേജ് 46

ജനനം - 1910 ആഗസ്റ്റ് 26. 1931 മെയ് 24 - പ്രഥമവ്രതവാഗ്ദാനം; 1979 ഡിസംബർ 10 - നോബൽ സമ്മാനം; തിരുനാൾ ദിനം - സെപ്തംബർ 5; സന്ദേശം - ലോകത്തിൽ എത്രതന്നെ തിന്മയുണ്ടായാലും ക്രിസ്തുവിന്റെ സ്നേഹം അതിനേക്കാളൊക്കെ ശക്തമായിരിക്കും.

17. വിശുദ്ധരെ അറിയാൻ... പേജ് 34, 35 3

18. നമസ്കാരങ്ങൾ - പേജ് 16 2

19. നമസ്കാരങ്ങൾ - പേജ് 19

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം) 5x1=5**

20. 14/85-87

21. 15/89-91

**22. പൊതുചോദ്യം - രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക 5**

23. **ഇന്റേണൽ അസ്സെസ്സ്മെന്റ് 15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയന വർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 25 കാണുക) ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കും പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. ഒന്നാം സെമസ്റ്ററിൽ അതിരൂപതയിലേക്ക് അയച്ചെങ്കിലും നാൽപതിൽ കൂടുതൽ മാർക്കുള്ളതായി അംഗീകരിക്കാത്തവരുടെ പേപ്പറുകൾ ഇപ്രാവശ്യം വീണ്ടും അയയ്ക്കേണ്ടതില്ല. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 25 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

28 - 02 - 2016 | മാർക്ക് – 50

10.30 am - 12.30 pm | സമയം – 2 മണിക്കൂർ

## STD - VIII

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **1x5=5**

1. ദൈവനാമത്തിൽ ഇസ്രായേലിനോട് സംസാരിക്കുകയും അവരുടെ വീഴ്ചകളിൽ അവരെ തിരുത്തുകയും ചെയ്തവർ?
2. എറണാകുളം രൂപതയെ അതിരൂപതയായി പ്രഖ്യാപിച്ച മാർപ്പാപ്പ?
3. ആരെ ഒറ്റിക്കൊടുക്കുന്നവനു ദുരിതം എന്നാണ് ഈശോ പറഞ്ഞത്?
4. ഫാദർ ഡാമിയനെ വിശുദ്ധ പദവിയിലേക്കുയർത്തിയ മാർപ്പാപ്പ?
5. കേരളകത്തോലിക്കാസഭയിൽ ബൈബിൾപാരായണ മാസമായി ആചരിക്കുന്ന മാസം?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **1x5=5**

6. ദൈവത്തിന്റെ കൃപാവരം സ്വീകരിക്കാനും അവയോടു സഹകരിച്ച് വിശുദ്ധിയിൽ വളരാനും നമ്മെ സഹായിക്കുന്നത്?

   (ദൈവവചനം, കൂദാശകൾ, കൂദാശാനുകരണങ്ങൾ)
7. അവർ എല്ലായിടത്തും പോയി പ്രസംഗിച്ചു. കർത്താവു അവരോടു കൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾ കൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു. വചനഭാഗം?

   (മർക്കോസ് 16:20, മർക്കോസ് 16:15, മർക്കോസ് 15:20)
8. യേശുവിന്റെ കുരിശിൽ പടയാളികൾ എഴുതിവച്ചിരുന്ന കുറ്റപത്രം?

   (യഹൂദരുടെ രാജാവ്, ഇവൻ യഹൂദരുടെ രാജാവായ യേശു, ഇവൻ യഹൂദരുടെ രാജാവ്)
9. മദർ തെരേസയ്ക്ക് സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ച വർഷം?

   (1989, 1985, 1979)
10. 2015-ൽ ഇന്ത്യയുടെ ദേശീയ ദിവ്യകാരുണ്യകോൺഗ്രസിനു വേദിയായ അതിരൂപത?

    (ഗോവ, മുംബൈ, ഫരീദാബാദ്)

**ദൈവവചനം എഴുതുക** **1¼ x 2= 2½**

11. എഫേ. 2:20. ''അപ്പസ്തോലന്മാരും...
12. യോഹ.14:3. ''ഞാൻ പോയി....

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **2½ x 2=5**

13. തെറ്റോ ശരിയോ ? തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.
    a. ''അശുദ്ധിയിലേക്കല്ല വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്'' എന്നു വിശുദ്ധ പത്രോസ് ശ്ലീഹാ പഠിപ്പിക്കുന്നു.
    b. പാപത്താൽ പിശാചിന്റെ ദാസ്യത്തിൽ ആയിരുന്ന നമ്മെ ശുദ്ധീകൃതരും ദൈവത്തിന്റെ മക്കളും ആക്കി തീർത്തത് സഭയിൽ നാം സ്വീകരിച്ച മാമ്മോദീസായാണ്.
    c. ഈശോയുടെ വചനം ശ്രവിച്ചവർ ആത്മീയമായും ശാരീരികമായും ശുദ്ധിയുള്ളവരായി.
    d. സഭാമക്കളുടെവിവിധജീവിതാവസ്ഥകളെയുംസാഹചര്യങ്ങളെയുംസ്ഥലങ്ങളെയുംവസ്തുക്കളെയുമെല്ലാം വിശുദ്ധീകരിക്കുന്ന കർമ്മങ്ങളാണല്ലോ കൂദാശകൾ
    e. അനുരഞ്ജനകൂദാശവഴി നാം നമ്മുടെയും മറ്റുള്ളവരുടെയും തെറ്റുകൾക്ക് പരിഹാരം അനുഷ്ഠിക്കുന്നു.


14. പരിശുദ്ധ അമ്മയുടെ പ്രധാനപ്പെട്ട തിരുനാളുകളിൽ താഴെ പറയുന്നവ ആഘോഷിക്കുന്നതെന്ന്?

a. മാതാവിന്റെ ശുദ്ധീകരണ തിരുനാൾ : ............................................
b. കർമ്മലമാതാവിന്റെ തിരുനാൾ : ......................................................
c. മാതാവിന്റെ ജനന തിരുനാൾ : ......................................................
d. മാതാവിന്റെ അമലോത്ഭവ തിരുനാൾ : ............................................
e. മാതാവിന്റെ മാതൃത്വത്തിരുനാൾ : ......................................................

15. സാർവത്രിക സൂനഹദോസുകൾ എന്നാൽ എന്ത്? അവയുടെ ഉദ്ദേശ്യം എന്ത്? വിശദമാക്കുക.

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½x1=2½**

16. ചിത്രം ശ്രദ്ധിക്കൂ. ആരാണീ വിശുദ്ധൻ? ജീവിതരേഖ പൂർത്തിയാക്കുക.



a. ജനനം.....
b. ................. പൗരോഹിത്യം സ്വീകരിച്ചു.
c. ഇദ്ദേഹം കുഷ്ഠരോഗികളെ ശുശ്രൂഷിച്ച്, കുഷ്ഠരോഗികളോടൊപ്പം ജീവിച്ചു മരിച്ച സ്ഥലം?
d. പുണ്യവചനം

17. അന്ന് ആ ചേരിയിൽ വച്ച് സി. തെരേസ അവർക്ക് അമ്മയായിത്തീർന്നു - അഗതികളുടെ അമ്മ. മോത്തീജിൽ ചേരിയിലെ അമ്മയുടെ സേവന ശുശ്രൂഷകൾ വിശദീകരിക്കുക.

**നമസ്കാരങ്ങൾ** **2½x2=5**

18. ബർണ്ണർദുപുണ്യവാന്റെ ജപം എഴുതുക.
19. പരി. ദൈവമാതാവിനോടുള്ള ജപമാലയിലെ മഹിമയ്ക്കടുത്ത 4ഉം 5ഉം ദിവ്യരഹസ്യങ്ങൾ എഴുതുക.

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

20. സഭ ഏകമാണ് എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ? സഭയുടെ കൂട്ടായ്മയ്ക്കും ഐക്യത്തിനും അടിസ്ഥാനമായി നിലകൊള്ളുന്ന ഘടകങ്ങൾ ഏവയെന്നു വിവരിക്കുക.
21. സഭ ശ്ലൈഹീകമാണ്. ശ്ലീഹന്മാരുടെ സാക്ഷ്യവും പ്രഘോഷണവുമാണ് സഭയുടെ രൂപീകരണത്തിന് കളമൊരുക്കിയത്. വിവരിക്കുക

**പൊതുചോദ്യം**

**രണ്ടു പേജിൽ കവിയാതെ താഴെ തന്നിരിക്കുന്ന പത്രവാർത്ത വിശകലനം ചെയ്യുക.** **5**

22. കോഴിക്കോട്: ഭൂഗർഭ അഴുക്കുചാലിന്റെ മാൻഹാളിൽ പരിശോധനയ്ക്കിറങ്ങിയ രണ്ട് അന്യസംസ്ഥാന തൊഴിലാളികളെ രക്ഷിക്കാനെത്തിയ ഓട്ടോ ഡ്രൈവർ പി. നൗഷാദ് വിഷവാതകം ശ്വസിച്ചു മരിച്ചു.

23. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

**28 - 02 - 2016** | **മാർക്ക് – 50**

**10.30 am - 12.30 pm** | **സമയം – 2 മണിക്കൂർ**

**ഉത്തരസൂചിക**

## STD - VIII

*നിർദ്ദേശങ്ങൾ: ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യം എഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **1x5=5**

1. പ്രവാചകന്മാർ – 13/80
2. പതിനൊന്നാം പീയൂസ് മാർപ്പാപ്പ – 14/88
3. മനുഷ്യപുത്രനെ – മർക്കോസ് 14/21
4. ബനഡിക്ട് 16-ാമൻ മാർപ്പാപ്പ – വിശുദ്ധരെ അറിയാൻ - പേജ് 35
5. ഡിസംബർ – സത്യദീപം - നവംബർ 19-25/2015

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **1x5=5**

6. കൂദാശാനുകരണങ്ങൾ – 12/76
7. മർക്കോസ് 16:20
8. യഹൂദരുടെ രാജാവ് – മർക്കോസ് 15:26
9. 1979 – വിശുദ്ധരെ അറിയാൻ - പേജ് 43
10. മുംബൈ – സത്യദീപം, നവംബർ 12-18/2015

**ദൈവവചനം എഴുതുക** **1¼ x 2= 2½**

11. 13/83. ''അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിയപ്പെട്ടവരാണ് നിങ്ങൾ. ഈ അടിത്തറയുടെ മൂലക്കല്ല് മിശിഹായാണ്.'' എഫേ. 2:20
12. 10/66. ''ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളേയും കൂട്ടിക്കൊണ്ടു പോകും.'' യോഹ.14:3.

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **2½ x 2=5**

13. തെറ്റോ ശരിയോ ? തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക. 12/74-77
    a. തെറ്റ്. പൗലോസ് ശ്ലീഹാ... - 12/74
    b. തെറ്റ്. ഈശോയുടെ കുരിശിലെ ബലിയാണ് - 12/74
    c. ശരി. 12/75.
    d. കൂദാശാനുകരണങ്ങൾ - 12/76
    e. തെറ്റ്. നോമ്പും ഉപവാസവും വഴി - 12/77
14. 15/93
    a. ഫെബ്രുവരി 2
    b. ജൂലൈ 16
    c. സെപ്റ്റംബർ 8
    d. ഡിസംബർ 8
    e. ക്രിസ്തുമസ് കഴിഞ്ഞു വരുന്ന ഞായർ
15. 14/87

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½ x1= 2½**

16. വിശുദ്ധരെ അറിയാൻ പേജ് 34-36
17. വിശുദ്ധരെ അറിയാൻ പേജ് 40, 41

**നമസ്കാരങ്ങൾ** **2½ x 2=5**

18. നമസ്കാരങ്ങൾ - പേജ് 15
19. നമസ്കാരങ്ങൾ - പേജ് 21

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

20. 11/68-70
21. 13/79-81

**22. പൊതുചോദ്യം - രണ്ടു പേജിൽ കവിയാതെ പത്രവാർത്ത വിശകലനം** **5**

23. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയന വർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 32 കാണുക) ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കും പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. ഒന്നാം സെമസ്റ്ററിൽ അതിരൂപതയിലേക്ക് അയച്ചെങ്കിലും നാൽപതിൽ കൂടുതൽ മാർക്കുള്ളതായി അംഗീകരിക്കാത്തവരുടെ പേപ്പറുകൾ ഇപ്രാവശ്യം വീണ്ടും അയയ്ക്കേണ്ടതില്ല. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 32 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

**22 - 02 - 2015** | **മാർക്ക് – 50**

**10.30 am - 12.30 pm** | **സമയം – 2 മണിക്കൂർ**

## STD - VIII

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

1. എറണാകുളം – അങ്കമാലി ആസ്ഥാനമായുള്ള നമ്മുടെ സഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പ് ആരാണ്?
2. മിശിഹായും നാമും പരസ്പര ഐക്യത്തിൽ കഴിയുന്ന ഒരു ജീവിതം ഏത്?
3. ''ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: ലോകത്തിലെവിടെയെല്ലാം സുവിശേഷം പ്രസംഗിക്കപ്പെടുമോ അവിടെയെല്ലാം ഇവൾ ചെയ്ത കാര്യവും ഇവളുടെ സ്മരണക്കായി പ്രസ്താവിക്കപ്പെടും.'' ആരെക്കുറിച്ചാണ് യേശു ഇത് പറഞ്ഞത്?
4. ''പന്താനസ്'' മരം ഏതു പുണ്യാത്മാവിന്റെ ജീവചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു?
5. ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ പ്രത്യാഗമനത്തിൽ ഉണ്ടാകുന്ന വിധി?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **5**


6. ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം പരിശുദ്ധ അമ്മയുടെ മാതൃത്വം എപ്രകാരമുള്ളതാണ്?
   (ആത്മീയ നേതൃത്വമാണ്, മാതൃഭക്തിയാണ്, ആത്മീയ മാതൃത്വമാണ്)
7. ആഴ്ചയുടെ ഒന്നാംദിവസം രാവിലെ ഉയിർത്തെഴുന്നേറ്റതിനു ശേഷം, യേശു ആദ്യം ആർക്കാണ് പ്രത്യക്ഷപ്പെട്ടത്?
   (പത്രോസിന്, യാക്കോബിന്റെ അമ്മയായ മറിയത്തിന്, മഗ്ദലേനമറിയത്തിന്)
8. ദൈവരാജ്യം പ്രതീക്ഷിച്ചിരുന്ന അരിമത്തെയാക്കാരനായ മനുഷ്യൻ ആരാണ്?
   (നിക്കോദേമൂസ്, ജോസഫ്, ശിമയോൻ)
9. ആഗ്നസ് സ്ഥൈര്യലേപനം സ്വീകരിച്ചതെന്ന്?
   (1916 നവംബർ 16, 1916 നവംബർ 10, 1916 നവംബർ 28)
10. മോൺസിഞ്ഞോർ എന്ന വാക്കിന്റെ അർത്ഥം?
   (അങ്ങയുടെ ദാസൻ, എന്റെ നാഥൻ, ശുശ്രൂഷകൻ)

**ദൈവവചനം എഴുതുക** **2½**

11. ലേവ്യർ 19:2 ''നിങ്ങൾ................''
12. ലൂക്ക 24:47 ''പാപമോചനത്തിനുള്ള.......

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **5**

13. വിവിധ ആരാധനക്രമ പാരമ്പര്യങ്ങൾ പിന്തുടരുന്ന സഭകളുടെ ഫ്ളോചാർട്ടാണ് താഴെത്തന്നിരിക്കുന്നത്. ഉചിതമായവ ചേർത്ത് ഫ്ളോചാർട്ട് പൂരിപ്പിക്കുക.



14. ശരിയോ തെറ്റോ എന്നെഴുതി തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക.

a. മാർത്തോമ്മാ ക്രിസ്ത്യാനികളെ ലത്തീൻ ഭരണത്തിൽ നിന്നും വേർതിരിച്ച് വ്യക്തിസഭയായി രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി ലെയോ പതിമൂന്നാം മാർപാപ്പ 1886 സെപ്തംബർ ഒന്നിന് മാർത്തോമ്മാ കത്തോലിക്കർക്കുവേണ്ടി പ്രത്യേക ഹയരാർക്കി സ്ഥാപിച്ചു.

b. തുടർന്ന് 1887 മെയ് 20ന് ലത്തീൻ ക്രിസ്ത്യാനികളെ റോമിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാക്കി.

c. ഭരണസൗകര്യത്തിനായി മാർത്തോമ്മാ ക്രിസ്ത്യാനികളെ 1896 ജൂലൈ 28ന് തൃശൂർ, ചങ്ങനാശ്ശേരി, എറണാകുളം എന്നീ മൂന്നു വികാരിയാത്തുകളിലാക്കി.

d. എറണാകുളത്ത് മാർ ളൂയിസ് പഴേപറമ്പിലും തൃശൂരിൽ മാർ ജോസഫ് കുണ്ടുകുളവും, ചങ്ങനാശ്ശേരിയിൽ മാർ ജോൺ മേനാച്ചേരിയും ആയിരുന്നു പ്രഥമ ഏതദ്ദേശീയ മെത്രാന്മാർ.

e. 1911-ൽ ചങ്ങനാശേരിയിൽ നിന്നും വേർപെടുത്തി ക്നാനായ കത്തോലിക്കാ സമൂഹത്തിനുവേണ്ടി കോട്ടയം രൂപത സ്ഥാപിതമായി.

15. ചരിത്രപ്രസിദ്ധമായ കൂനൻ കുരിശു സത്യം വിശദമാക്കുക.

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)**

16. മദർ തെരേസായുടെ ജീവിതത്തിൽ 'ദൈവവിളിക്കുള്ളിലെ ദൈവവിളിപോലെ തോന്നി അത്.' ഏത്? സന്ദർഭം വിശദമാക്കുക. **2½**

17. വിശുദ്ധ ഡാമിയന്റെ ജീവിതത്തിൽ നടന്ന അവിസ്മരണീയമായ കുമ്പസാര ചരിത്രം വിവരിക്കുക.

**നമസ്കാരങ്ങൾ**

18. ജപമാല സമർപ്പണ പ്രാർത്ഥന എഴുതുക. **2**

19. പ്രകാശത്തിന്റെ നാലും അഞ്ചും ദിവ്യരഹസ്യങ്ങൾ എഴുതുക. **3**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

20. പരിശുദ്ധ അമ്മയുടെ പ്രധാനപ്പെട്ട തിരുനാളുകളെക്കുറിച്ചും മരിയഭക്തിയുടെ വിവിധരൂപങ്ങളെക്കുറിച്ചും വിശദമാക്കുക.

21. നമ്മെ വിശുദ്ധീകരിക്കാൻ സഭയിലുള്ള മാർഗങ്ങൾ ഏവയെന്ന് 'സഭ പരിശുദ്ധമാണ്' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

**രണ്ട് പേജിൽ കവിയാതെ ഉപന്യസിക്കുക** **5**

**പൊതുചോദ്യം**

22. ലൈംഗികത പാപമാണോ? ശരീരവിശുദ്ധിയെയും ലൈംഗികതയെയും കുറിച്ച് 'എൻലൈറ്റ്' പ്രോഗ്രാമിൽ പങ്കെടുത്ത വിദ്യാർത്ഥിയെന്ന നിലയിൽ നിങ്ങളുടെ കാഴ്ചപ്പാട് വിശദമാക്കുക.

23. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 15-ൽ മാർക്ക് നൽകുന്നു.

## എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

22 - 02 - 2015 മാർക്ക് – 50

10.30 am - 12.30 pm **STD - VIII** സമയം – 2 മണിക്കൂർ

### ഉത്തരസൂചിക

*നിർദ്ദേശങ്ങൾ: ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

1. മേജർ ആർച്ചുബിഷപ്പ് മാർ ആന്റണി പടിയറ 13/82
2. ക്രൈസ്തവജീവിതം 10/62
3. തൈലാഭിഷേകം നടത്തിയ സ്ത്രീയെക്കുറിച്ച് - മർക്കോസ് 14:9
4. വി. ഡാമിയന്റെ - വിശുദ്ധരെ അറിയാൻ - 3/31, 35
5. അന്ത്യവിധി / പൊതുവിധി - സത്യദീപം 27 നവം. - 3 ഡിസം., 2014

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **5**

6. ആത്മീയ മാതൃത്വമാണ് 15/89
7. മഗ്ദലേനമറിയത്തിന് മർക്കോസ് 16:9
8. ജോസഫ് മർക്കോസ് 15:43
9. 1916 നവംബർ 16ന് വിശുദ്ധരെ അറിയാൻ 4/38
10. എന്റെ നാഥൻ - സത്യദീപം 27 നവം. - 3 ഡിസം., 2014

**ദൈവവചനം എഴുതുക** **2½**

11. 12/74 - ''നിങ്ങൾ.................... ലേവ്യ. 19:2
12. 14/87 - ''പാപമോചനത്തിനുള്ള.................. ലൂക്ക 24:47

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **5**

13. 11/70-71
14. 13/84 (a) തെറ്റ് - ലത്തീൻ കത്തോലിക്കർക്കു വേണ്ടി,
    (b) തെറ്റ് - മാർത്തോമ്മാ ക്രിസ്ത്യാനികളെ, (c) ശരി
    (d) തെറ്റ് - തൃശൂരിൽ മാർ ജോൺ മേനാച്ചേരിയും, ചങ്ങനാശേരിയിൽ മാർ മാത്യു മാക്കീലും, (e) ശരി
15. 10/67

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം )** **2½**

16. വിശുദ്ധരെ അറിയാൻ.... 4/39
17. വിശുദ്ധരെ അറിയാൻ.... 4/33

**നമസ്കാരങ്ങൾ**

18. നമസ്കാരങ്ങൾ പേജ് - 22 **2**
19. നമസ്കാരങ്ങൾ പേജ് - 20 **3**

**ഉപന്യസിക്കുക (രണ്ട് പേജിൽ കവിയാതെ ഏതെങ്കിലും ഒരെണ്ണം എഴുതുക)** **5**

20. 15/92-93
21. 12/74-77
22. **പൊതുചോദ്യം** **5**

23. **ഇന്റേണൽ അസ്സെസ്മെന്റ്** **15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. രണ്ടാം സെമസ്റ്ററിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 28 കാണുക). പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും, ഇന്റേണൽ അസ്സെസ്മെന്റിന് 15-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാഹരണമായി 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് $\frac{28}{35} + \frac{12}{15} = \frac{40}{50}$ എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35 ൽ 28 ഉം മൊത്തത്തിൽ 40 ഉം അതിൽ കൂടുതലും കിട്ടുന്ന കുട്ടികൾക്ക് ഒന്നാം സെമസ്റ്ററിലും നാല്പതിലധികം മാർക്കു ലഭിച്ചു എങ്കിൽ ആ പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. ഒന്നാം സെമസ്റ്ററിൽ അതിരൂപതയിലേക്കയച്ചെങ്കിലും നാല്പതിൽ കൂടുതൽ മാർക്കുള്ളതായി അംഗീകരിക്കാത്ത പേപ്പറുകൾ ഇപ്രാവശ്യം വീണ്ടും അയയ്ക്കേണ്ടതില്ല.സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽ നിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം: വചനദീപം പേജ് 28 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

23 - 02 - 2014 | മാർക്ക് – 50

10.30 am - 12.30 pm | **STD - VIII** | സമയം – 2 മണിക്കൂർ

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.*

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക** **4**

1. മിശിഹായിലൂടെ യഥാർത്ഥ്യമാകാനിരിക്കുന്ന ദൈവരാജ്യത്തിന്റെ പ്രതിരൂപമേത്?
2. പ്രധാനപുരോഹിതന്റെ മുറ്റംവരെ യേശുവിനെ അല്പം അകലെയായി അനുഗമിച്ച വ്യക്തിയാര്?
3. ആഗ്നസ് (മദർ തെരേസ) ചെറുപ്പം മുതൽ അംഗമായി പ്രവർത്തിച്ചിരുന്ന കത്തോലിക്കാ ഭക്ത സംഘടന?
4. ഇന്ത്യയിൽ രൂപതാതിർത്തികൾക്ക് പുറത്തുള്ള സീറോമലബാർ വിശ്വാസികൾക്കായി നിയമിതനായ അപ്പസ്തോലിക് വിസിറ്റേറ്റർ?

**II ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **4**

5. കൂനൻ കുരിശുസത്യം നടന്ന വർഷമേത്?
   (1653 ജനുവരി 3ന്, 1655 ഫെബ്രുവരി 5ന്, 1651 മാർച്ച് 8ന്)
6. ഉയിർത്തെഴുന്നേറ്റ യേശു നിങ്ങൾക്കുമുമ്പേ എവിടേക്ക് പോകുമെന്നാണ് വെള്ള വസ്ത്രധാരിയായ യുവാവ് മഗ്ദലേനയോടും കൂട്ടരോടും പറഞ്ഞത്?
   (എമ്മാവൂസ്, ബഥാനിയാ, ഗലീലി)
7. ഫാ. ഡാമിയനെ വിശുദ്ധനായി പ്രഖ്യാപിച്ച മാർപ്പാപ്പ?
   (ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ, പോൾ 6-ാമൻ മാർപ്പാപ്പ, ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ)
8. 1963-ൽ ജോൺ 23-ാമൻ മാർപാപ്പ ഒപ്പുവച്ച, 50-ാം വാർഷിക നിറവിലെത്തിയ, സഭയുടെ സാമൂഹിക പ്രതിബദ്ധതയെക്കുറിച്ച് പ്രതിപാദിക്കുന്ന ചാക്രിക ലേഖനം ഏത്?
   (റേരും നൊവാരും, മാതാവും ഗുരുനാഥയും, ഭൂമിയിൽ സമാധാനം)

**III ചേരുംപടി ചേർത്തെഴുതുക** **2**

| | | |
|---|---|---|
| 9. ബേസ് പുർക്കാനാ | - | കൂട്ടായ്മ |
| 10. കൊയ്നോനിയ | - | സുഗന്ധതൈലം |
| 11. തലയോടിടം | - | രക്ഷയുടെ ഭവനം |
| 12. ശുദ്ധ നാർദീൻ | - | യഹൂദരുടെ രാജാവ് |
| | - | ഗോൽഗോഥ |

**IV ഉത്തരമെഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **7½**

13. പരിശുദ്ധ അമ്മയുടെ പ്രധാനപ്പെട്ട തിരുനാൾ ദിനങ്ങൾ ഏവയെന്ന് പൂരിപ്പിക്കുക.

a. മാതാവിന്റെ ശുദ്ധീകരണത്തിരുനാൾ - ..............................

b. മംഗളവാർത്ത തിരുനാൾ - ..............................

c. കർമ്മല മാതാവിന്റെ തിരുനാൾ - ..............................

d. സ്വർഗാരോപണത്തിരുനാൾ - ആഗസ്റ്റ് 15

e. അമലോത്ഭവത്തിരുനാൾ - ..............................


f. മാതാവിന്റെ ജനനത്തിരുനാൾ - ..............................

g. മാതാവിന്റെ മാതൃത്വത്തിരുനാൾ - ക്രിസ്തുമസ് കഴിഞ്ഞുവരുന്ന ഞായർ

h. മാതാവിന്റെ വിമലഹൃദയത്തിരുനാൾ - തിരുഹൃദയത്തിരുനാളിന്റെ പിറ്റേദിവസം



14. സഭ ശ്ലൈഹികമാണ്. ശ്ലൈഹീക നേതൃത്വത്തിലൂടെ സഭയെ നയിക്കുന്ന തലവന്മാരുടെ സ്ഥാനപേരുകൾ എഴുതി പിരമിഡ് പൂർത്തിയാക്കുക.




15. സഭ എല്ലാ ജനപദങ്ങളേയും സംസ്കാരങ്ങളേയും ഉൾക്കൊള്ളുന്നു. വിശദീകരിക്കുക.

16. കത്തോലിക്കാസഭ വ്യക്തിസഭകളുടെ കൂട്ടായ്മയാണ്. വിശദമാക്കുക.

## V നമസ്കാരങ്ങൾ 5

17. പ്രകാശത്തിന്റെ 3-ാം ദിവ്യരഹസ്യവും മഹിമയുടെ 4-ാം ദിവ്യരഹസ്യവും എഴുതുക.

18. വിശ്വാസപ്രമാണം എഴുതുക.

## VI ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)

19. താഴെ കാണുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ അവ പൂർത്തിയാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക. 2½

1. ഫാദർ ഡാമിയൻ മൊളോക്കോയിൽ......

3. ബിഷപ്പ് നൽകിയ ഫണ്ടും പലകകളും ഉപയോഗിച്ച്.............



2. ദിവസേന മരിക്കുന്നവരെ സംസ്ക്കരിക്കുന്നു.....

4. അവിസ്മരണീയമായ കുമ്പസാര ചരിത്രം.......

5. 1885 ജൂണിലെ ആദ്യ ഞായറാഴ്ച............

20. 1946 സെപ്തംബർ 10-ാം തീയതി വാർഷിക ധ്യാനത്തിനായി പുറപ്പെട്ട സിസ്റ്റർ തെരേസയുടെ യാത്രയ്ക്കുള്ളിലെ യാത്രാനുഭവം വിശദമാക്കുക.

## VII രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം ) 5

21. 'സഭ ഒരേ സമയം വിശുദ്ധവും വിശുദ്ധീകരിക്കപ്പെടേണ്ടവളുമാണ്'. 'സഭ പരിശുദ്ധമാണ്' എന്ന പാഠത്തിന്റെ അടിസ്ഥാനത്തിൽ വിവരിക്കുക.

22. മറിയം ഒരേസമയം സഭയുടെ അമ്മയും പ്രതിരൂപവും മാതൃകയുമാണ്. 'മറിയം സഭയുടെ മാതാവും മാതൃകയും' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

## VIII രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (പൊതുചോദ്യം) 5

23.




''നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ?'' (1 കോറി. 6:19) നിങ്ങൾക്കായി ഫൊറോനാതലത്തിൽ നടത്തിയ 'എൻലൈറ്റ്' എന്ന ഏകദിന സെമിനാറിന്റെ വെളിച്ചത്തിൽ ശരീരത്തെക്കുറിച്ചുള്ള ക്രിസ്തീയ കാഴ്ചപ്പാട് എന്തെന്ന് വ്യക്തമാക്കുക. സ്ത്രീയെയും പുരുഷനെയും ആദരപൂർവ്വം കാണാൻ നമ്മുടെ കാഴ്ചപ്പാടിൽ മാറ്റം വരുത്തേണ്ടതുണ്ടോ? ശുദ്ധത എന്ന പുണ്യം കാത്തുസൂക്ഷിക്കാൻ കൗമാരപ്രായക്കാരായ നാം എന്തൊക്കെ ശ്രദ്ധിക്കണം. വിശദമാക്കുക.

24. **ഇന്റേണൽ അസ്സെസ്സ്മെന്റ്** 15

കുട്ടികളുടെ വിശുദ്ധ കുർബ്ബാനയിലെ പങ്കാളിത്തം (4 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (4 മാർക്ക്), ഫാമിലിയൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനകളിലെ ഭാഗഭാഗിത്വം (2 മാർക്ക്), മാതാപിതാക്കളുടെ ഭാഗത്തുനിന്നുള്ള സഹകരണം (1 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (2 മാർക്ക്) എന്നിവ കണക്കാക്കി അദ്ധ്യാപകൻ 15ൽ മാർക്ക് നൽകുന്നു.

## എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

**23 - 02 - 2014** **മാർക്ക് – 50**

**10.30 am - 12.30 pm** **STD - VIII** **സമയം – 2 മണിക്കൂർ**

**ഉത്തരസൂചിക**

> ***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

### I ഒറ്റവാക്കിൽ ഉത്തരമെഴുതുക — 4

1. കാനാൻദേശം — 10/61
2. വി. പത്രോസ് — വി. മർക്കോസ് 14:54
3. മരിയൻ സൊഡാലിറ്റി — വിശുദ്ധരെ അറിയാൻ പേജ് 38
4. മാർ റാഫേൽ തട്ടിൽ — സത്യദീപം 2014 ജനു. 22

### II ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക — 4

5. 1653 ജനുവരി 3-ാം തീയതി — 10/67
6. ഗലീലി — വി. മർക്കോസ് 16:7
7. ബെനഡിക്ട് പതിനാറാമൻ — വിശുദ്ധരെ അറിയാൻ പേജ് 35
8. ഭൂമിയിൽ സമാധാനം — സത്യദീപം 2014 ജനു. 1

### III ചേരുംപടി ചേർത്തെഴുതുക — 2

9. ബേസ്പുർക്കാനാ - രക്ഷയുടെ ഭവനം 10/65
10. കൊയ്നോനിയ - കൂട്ടായ്മ 11/69
11. തലയോടിടം - ഗോൽഗോഥ വി. മർക്കോ. 15:22
12. ശുദ്ധ നാർദീൻ - സുഗന്ധതൈലം വി. മർക്കോ 14:3

### IV ഉത്തരമെഴുതുക (ഏതെങ്കിലും മൂന്നെണ്ണം) — 7½

13. 15/93
    - a. ഫെബ്രുവരി 2
    - b. മാർച്ച് 25
    - c. ജൂലൈ 16
    - d. ആഗസ്റ്റ് 15
    - e. ഡിസംബർ 8
    - f. സെപ്റ്റംബർ 8
14. 13/79-83
    - a. മെത്രാൻ
    - b. പാത്രിയാർക്കീസ്
    - c. മേജർ ആർച്ചുബിഷപ്പ്
    - d. മാർപാപ്പ
    - e. ശ്ലീഹന്മാർ
15. 14/86
16. 11/70

### V നമസ്കാരങ്ങൾ — 5

17. നമസ്കാരങ്ങൾ പേജ് 20,21
18. നമസ്കാരങ്ങൾ പേജ് 6

### VI ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം ) — 2½

19. വിശുദ്ധരെ അറിയാൻ 31,32,33
20. വിശുദ്ധരെ അറിയാൻ 39, 40

### VII രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം) — 5

21. 12/74-77
22. 15/89-93

### VIII 23. പൊതുചോദ്യം (രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക) — 5

**24. ഇന്റേണൽ അസ്സെസ്മെന്റ് — 15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. രണ്ടാം സെമസ്റ്ററിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 8-12 കാണുക). പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും, ഇന്റേണൽ അസ്സെസ്മെന്റിന് 15-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാഹരണമായി 35-ൽ 30ഉം 15-ൽ 8ഉം കിട്ടിയ ഒരു കുട്ടിക്ക് $30+8 = \frac{38}{50}$ എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 40-ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടത്. ഈ സെമസ്റ്ററിൽ 40-ൽ കൂടുതൽ മാർക്കുകിട്ടിയെങ്കിലും ഒന്നാം സെമസ്റ്ററിൽ ഇത്രയും മാർക്കു ലഭിക്കുകയും അതിരൂപതയിലേയ്ക്ക് പേപ്പർ അയച്ച് അംഗീകരിക്കുകയും ചെയ്യാത്ത പേപ്പറുകൾ അയയ്ക്കേണ്ടതില്ല. രണ്ടു സെമസ്റ്ററിലും പ്രത്യേകം 40-ഉം അതിലധികവും മാർക്കുലഭിക്കുന്നവരെയാണ് സ്കോളർഷിപ്പു ലഭിച്ചവരായി കണക്കാക്കുക. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽ നിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (ആറുമാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം: വചനദീപം പേജ് 9 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.